കെഎസ്എ-ഐഡികെ-പി4/156/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

Ph.No.04862 227332

E-mail :doidk.ksad@kerala.gov.in

തീയതി.21.04.2026

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

സെക്രട്ടറി

ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

| | |
|---|---|
| വിഷയം:- | ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് പുനരഭിപ്രായക്കുറിപ്പുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്. |
| സൂചന:- | 1) ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് (നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4/1021/2025 തീയതി. 17-11-2025)<br>2) സെക്രട്ടറിയുടെ 04-02-2026 ലെ 6197874-2025 നമ്പർ മറുപടി |

സൂചനകൾ ശ്രദ്ധിച്ചാലും.

സൂചന (1) പ്രകാരം പുറപ്പെടുവിച്ച ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 23(1) എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് സൂചന (2), (3) പ്രകാരം ആദ്യ മറുപടി ലഭ്യമാക്കിയ സാഹചര്യത്തിൽ പ്രസ്തുത നിയമത്തിലെ വകുപ്പ് 15(2), ചട്ടങ്ങളിലെ ചട്ടം 23(2) എന്നിവ പ്രകാരം പുനരഭിപ്രായക്കുറിപ്പുകൾ പുറപ്പെടുവിക്കുന്നു.

| ഖണ്ഡിക നമ്പർ | പുനരഭിപ്രായക്കുറിപ്പുകൾ |
|---|---|
| 1-1 | പുനരഭിപ്രായമില്ല. |
| 1-1-1 | അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ചും വരും വർഷ ഓഡിറ്റിൽ പരിശോധിക്കുന്നതിനാലും പരാമർശം തീർപ്പാക്കുന്നു. |
| 1-1-2 | അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ചും വരും വർഷ ഓഡിറ്റിൽ പരിശോധിക്കുന്നതിനാലും പരാമർശം തീർപ്പാക്കുന്നു. |

| | |
|---|---|
| 1-1-3 | ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന മറുപടി പരിഗണിച്ചും വരും വർഷ ഓഡിറ്റിൽ പരിശോധിക്കുന്നതിനാലും പരാമർശം തീർപ്പാക്കുന്നു. |
| 1-1-4 | പരാമർശിച്ചിരിക്കുന്ന അപാകത പരിഹരിക്കുന്നതാണെന്നുള്ള മറുപടി പരിഗണിച്ചും വരും വർഷ ഓഡിറ്റിൽ പരിശോധിക്കുന്നതിനാലും പരാമർശം തീർപ്പാക്കുന്നു. |
| 1-1-5 | ജലനിധിക്കായി മൂന്ന് അക്കൗണ്ടുകൾ സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. ഒരു അക്കൗണ്ട് മാത്രം നിലനിർത്തി മറ്റ് അക്കൗണ്ടുകളിലെ തുക അതിലേക്ക് മാറ്റിയശേഷം ആവശ്യമില്ലാത്തവ ഉചിത നടപടികളിലൂടെ ക്ലോസ് ചെയ്യേണ്ടതാണ്. കൂടാതെ പലിശ ഇനത്തിൽ ഹെഡ് മാറി പോസ്റ്റ് ചെയ്തിട്ടുള്ള ₹11412/- ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 1-1-6 | വരും വർഷങ്ങളിൽ Prior Period Items ഇനത്തിലുള്ള അംഗീകരിക്കപ്പെട്ട വൗച്ചറുകളും വർക്ക് ഷീറ്റുകളും സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന മറുപടി പരിഗണിച്ച് പരാമർശം തീർപ്പാക്കുന്നു. |
| 1-1-7 | മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നു. |
| 1-1-8 | അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി പരിഗണിച്ചും വരും വർഷ ഓഡിറ്റിൽ പരിശോധിക്കുന്നതിനാലും പരാമർശം തീർപ്പാക്കുന്നു. |
| 1-2 | പുനരഭിപ്രായമില്ല. |
| 1-3 | അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പരാമർശം തീർപ്പാക്കുന്നു. |
| 1-3-1 | ഭാവിയിൽ ഫണ്ടുകൾ ലാപ്സാവാതെ പൂർണ്ണമായി ചെലവഴിക്കുന്നതാണെന്ന മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നു. |
| 1-4 | പുനരഭിപ്രായമില്ല. |
| 1-5 | പുനരഭിപ്രായമില്ല. |
| 1-6 | പുനരഭിപ്രായമില്ല. |
| 1-7 | പുനരഭിപ്രായമില്ല. |
| 1-8 | ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി പരിഗണിച്ച് പരാമർശം തീർപ്പാക്കുന്നു. |
| 1-9 | തുടർ നടപടി വിവരങ്ങൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. പരാമർശം തുടരുന്നു. |
| 1-10 | ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്. പരാമർശം തുടരുന്നു. |
| 1-11 | നിലവിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മറുപടിയിൽ പറഞ്ഞിട്ടുള്ള 19 സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുള്ള വിവരം അറിയിക്കേണ്ടതാണ്. |
| 1-12 | മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. പരാമർശം തുടരുന്നു. |
| 1-13 | പുനരഭിപ്രായമില്ല. |
| 1-14 | 2025-26 വർഷത്തെ ജില്ലാ ആസൂത്രണ സമിതിയുടെ 21/06/2025 തീയതിയിലെ യോഗത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്ന രേഖാമൂലമുള്ള മറുപടി പരിഗണിച്ച് പരാമർശം തീർപ്പാക്കുന്നു. |

| | |
|---|---|
| 1-15 | 109 എണ്ണം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതിന്റെ റിപ്പോർട്ട് വിതരണസ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പരാമർശം തുടരുന്നു. |
| 1-16 | ബഡ്സ് സ്കൂൾ പൂർണ്ണമായ രീതിയിൽ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്. പരാമർശം തുടരുന്നു. |
| 1-17 | വനിതകളുടെ ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട മരുന്ന് വാങ്ങൽ പദ്ധതി പ്രകാരമുള്ള ₹4,43,856/- യുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്. പരാമർശം തുടരുന്നു. |
| 1-18 | മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നു. |
| 1-19 | ₹600,000/- യുടെ മരുന്നുകളിൽ ₹556,952/- നുള്ള മരുന്നുകൾ ലഭ്യമായതിനുള്ള ടാക്സ് ഇൻവോയിസ് ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന ₹43,048/-രൂപയുടെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്. മരുന്നുകൾ സ്റ്റോക്കിലുൾപ്പെടുത്തിയ വിവരം മെഡിക്കലോഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 1-20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ പഞ്ചായത്തിന്റെ അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയറിൽ വരുത്തുന്നതാണെന്ന മറുപടി പരിഗണിച്ച് പരാമർശം തീർപ്പാക്കുന്നു. |
| 1-21 | വിവിധോദ്ദേശ്യ ഗ്രാന്റുകൾക്ക് അനുയോജ്യമായ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി വരികയാണെന്ന മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നു. |
| 1-22 | പാലിയേറ്റീവ് കെയർ സാന്ത്വനം എന്ന പദ്ധതിയുടെ ₹57556/- യുടെ മരുന്നുകൾ ഉൾപ്പെടെ ആകെ ചെലവഴിച്ച ₹100,000/- യുടെ മരുന്നുകൾ ലഭ്യമായിട്ടുള്ളതായി മെഡിക്കൽ ഓഫീസർ രേഖകൾ സഹിതം അറിയിച്ചിട്ടുള്ളതിനാൽ പരാമർശം തീർപ്പാക്കുന്നു. |
| 1-23 | വൈദ്യുതി ബിൽ തുക കുടിശ്ശിക എന്ന രീതിയിൽ ഉൾപ്പെടുത്തുന്നതിനിടയായ കാരണം വിശദീകരിച്ച് മറുപടി നൽകിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കുന്നു. |
| 1-24 | അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്. മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നു. |
| 1-25 | വിവിധ പദ്ധതികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ എത്ര വിനിയോഗിച്ചു എന്നും പ്രവൃത്തി പൂർത്തിയായോ എന്ന വിവരവുമാണ് വിനയോഗ സാക്ഷ്യപത്രത്തിൽ ഉൾക്കൊള്ളിക്കേണ്ടത്. പ്രൊജക്റ്റ് നം.293/25 അമയപ്ര വാർഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പദ്ധതി പൂർത്തീകരിച്ചു എന്ന രീതിയിലാണ് സാക്ഷ്യപത്രം കെഎസ്ഇബിയിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ളത്. എത്ര രൂപ വിനിയോഗിച്ചു. തുക പൂർണ്ണമായി വനിയോഗിച്ചോ ബാലൻസ് ഉണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കിയ സാക്ഷ്യ പത്രം പ്രകാരം അറിയാൻ സാധിക്കുന്നില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തി ഉൾപ്പടെ പരാമർശത്തിൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികളുടെയും ഡെപ്പോസിറ്റ് തുകയിൽ ചെലവഴിച്ച തുകയും പദ്ധതി പൂർത്തീകരണവും സൂചിപ്പിക്കുന്ന രീതിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ₹,891,959/- നുള്ള ചെലവ് തടസ്സം തുടരുന്നു. |

| | |
|---|---|
| 1-26 | ഉപകരണങ്ങൾ യഥാവിധി സ്ഥാപിച്ച്, വനിതാ ഫിറ്റ്നസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഫിറ്റ്നസ് ട്രെയിനറുടെ സഹായത്തോടെ വനിതകൾക്ക് ഫിറ്റ്നസ് പരിശീലനം നൽകി വരുന്നുണ്ടെന്നുമുള്ള മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നു. |
| 1-27 | പുനരഭിപ്രായമില്ല. |
| 1-28 | പുനരഭിപ്രായമില്ല. |
| 4-1 | പുനരഭിപ്രായമില്ല. |
| 4-2 | പുനരഭിപ്രായമില്ല. |
| 4-3 | പുനരഭിപ്രായമില്ല. |
| 4-4 | പുനരഭിപ്രായമില്ല. |
| 4-5 | വായ്പക്കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും കൃത്യതയോടെ വാർഷികക്കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്. മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നു. |
| 4-6 | പുനരഭിപ്രായമില്ല. |
| 4-7 | പുനരഭിപ്രായമില്ല. |
| 4-8 | പുനരഭിപ്രായമില്ല. |
| 4-9 | പുനരഭിപ്രായമില്ല. |
| 4-10 | പുനരഭിപ്രായമില്ല. |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. |

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2. ജോയിന്റ് ഡയറക്ടർ, ത.സ്വ.ഭ.വ.ഇടുക്കി (ഇ-മെയിൽ)
3. കാര്യാലയപ്പകർപ്പ്